**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2039 | 08.03.2018 ൽ മറുപടിക്ക്

## പരമ്പരാഗത വ്യവസായ മേഖലയിലെ മാന്ദ്യം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ.എൽദോസ് പി.കുന്നപ്പിള്ളിൽ | ശ്രീ.എ.സി.മൊയ്തീൻ<br>(വ്യവസായവും സ്പോർട്ട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) സാമ്പത്തിക മാന്ദ്യം പരമ്പരാഗത വ്യവസായ മേഖലയെ എപ്രകാരം ബാധിച്ചുവെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) സാമ്പത്തിക മാന്ദ്യം രാജ്യത്തിലെ വിപണിയെ മൊത്തത്തിൽ ബാധിച്ചതിന്റെ ഭാഗമായി പരമ്പരാഗത വ്യവസായ മേഖലയേയും ദോഷകരമായി ബാധിച്ചിട്ടുണ്ട്. കൈത്തറി മേഖലയിൽ അസംസ്കൃത സാധനങ്ങൾ ശേഖരിക്കുന്നതിനും ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനും സാമ്പത്തിക മാന്ദ്യം ബാധിച്ചിട്ടുണ്ട്. കശുവണ്ടി വ്യവസായ മേഖലയിൽ സാമ്പത്തിക മാന്ദ്യം മൂലം കശുവണ്ടി പരിപ്പിന്റെ എക്സ്പോർട്ട് റേറ്റ് കുറഞ്ഞിട്ടുള്ളതും അസംസ്കൃത തോട്ടണ്ടിയുടെ വില വർദ്ധിച്ചിട്ടുള്ളതുമാണ്. ഖാദിമേഖലയിൽ വിലയിൽ വർദ്ധനവ് ഉണ്ടായെങ്കിലും വില്പനയിൽ ഇതനുസരിച്ചുള്ള വർദ്ധനവ് ഉണ്ടായിട്ടില്ല. സാമ്പത്തിക മാന്ദ്യം ഉൾപ്പെടെയുള്ള പ്രതിസന്ധികളിൽ നിന്നും പരമ്പരാഗത വ്യവസായ മേഖലയെ സംരക്ഷിക്കുന്നതിനുള്ള ക്രിയാത്മക നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. |
| (ബി) സംരംഭകർക്ക് സബ്സിഡി ആനുകൂല്യം നൽകുന്ന സംരംഭക സഹായ പദ്ധതി, പി.എം.ഇ.ജി.പി. എന്നീ പദ്ധതികൾ നടപ്പിലാക്കിയിട്ടും പരമ്പരാഗത മേഖലയിലെ മാന്ദ്യം കുറയ്ക്കുന്നതിന് ഇവയൊന്നും സഹായകമാകാതിരുന്നത് എന്തുകൊണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ; | (ബി) സംരംഭക സഹായ പദ്ധതി, പി.എം.ഇ.ജി.പി. എന്നീ പദ്ധതികൾ പരമ്പരാഗത മേഖലയ്ക്ക് വേണ്ടി മാത്രമായി നടപ്പിലാക്കുന്ന പദ്ധതികളല്ല. സാമ്പത്തിക മാന്ദ്യം ഉൾപ്പെടെയുള്ള പ്രതിസന്ധികളിൽ നിന്നും പരമ്പരാഗത വ്യവസായ മേഖലയെ സംരക്ഷിക്കുന്നതിനുള്ള ക്രിയാത്മക നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. |
| (സി) 1-4-2017-ന് ശേഷം സൃഷ്ടിച്ച എല്ലാ പുതിയ തൊഴിലവസരങ്ങളുടെയും ഇ.എസ്.ഐ./ഇ.പി.എഫ്. അടവിലേക്കുള്ള തൊഴിലുടമയുടെ വിഹിതത്തിന്റെ ഒരു ഭാഗം സർക്കാർ വഹിയ്ക്കുന്ന പദ്ധതി | (സി) 1-4-2017-ന് ശേഷം സൃഷ്ടിച്ച എല്ലാ പുതിയ തൊഴിലവസരങ്ങളുടെയും ഇ.എസ്.ഐ./ ഇ.പി.എഫ്. അടവിലേക്കുള്ള തൊഴിലുടമയുടെ വിഹിതത്തിന്റെ ഒരു ഭാഗം സർക്കാർ വഹിയ്ക്കുന്ന പദ്ധതിക്ക് സർക്കാർ അന്തിമാനുമതി നൽകിയിട്ടുണ്ട്. |

നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

സെക്ഷൻ ഓഫീസർ